ओ३म्

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

## വൈദിക - ദാർശനിക മാസിക

## DAYANANDA SANDESAM

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!

പുസ്തകം : 9 ലക്കം : 7

സൃഷ്ടി സംവത്സരം 1972949125 കലിവർഷം 5125 വൈദിക സൗരമാസം : തപസ് - തപസ്യ
ചാന്ദ്രമാസം : പൗഷം - മാഘം, കൊല്ലവർഷം 1199 മകരം - കുംഭം 2024 ജനുവരി

വാർഷിക വരിസംഖ്യ : ₹ 125/- ദീർഘകാലം : ₹ 1500/-




ആർ.സി ദാസ് (1899 - 1993)

### ഭാരത ചരിത്രത്തിൽ ഈ മാസം ഓർത്തിരിക്കേണ്ട പ്രധാന ദിനങ്ങൾ

ജനുവരി 3 : വീരപാണ്ഡ്യകട്ടബൊമ്മൻ ജന്മദിനം
ജനുവരി 12 : സ്വാമി വിവേകാനന്ദ ജയന്തി
ജനുവരി 23 : നേതാജി സുഭാഷ്ചന്ദ്രബോസ് ജന്മദിനം
ജനുവരി 26 : റിപ്പബ്ലിക് ദിനം
ജനുവരി 28 : ലാലാ ലജ്പത്റായ് ജന്മദിനം

"മാനവരെല്ലാം ആര്യന്മാർ!
വേദജ്ഞാനം ഈശ്വരദത്തം!
സേവനമല്ലോ നമ്മുടെ ധർമ്മം! "

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം



**മണ്ഡലം 1** **സൂക്തം 14**

**മേധാതിഥിർ ഋഷിഃ വിശ്വേദേവാ ദേവതാ । ഗായത്രി ഛന്ദഃ ।**

**ഷഡ്ജഃ സ്വരഃ ॥**

**ഈള്തേ ത്വാമ്വസ്യവഃ കണ്വാസോ വൃക്ത ബർഹിഷഃ।**

**ഹവിഷ്മന്തോ അരംകൃതഃ ॥** (ഋഗ്വേദം 1.14.5)

പദാർത്ഥം :- അല്ലയോ ജഗദീശ്വരാ ! ആരുടേയാണോ (ഹവിഷ്മന്തഃ) ഹവിസ്സുകൾ നൽകാനും എടുക്കാനും ഭുജിക്കുവാനും യോഗ്യമായിട്ടുള്ള പദാർത്ഥങ്ങൾ ഉള്ളത്. തഥാ (അരംകൃതഃ) ഏതൊന്നാണോ എല്ലാ പദാർത്ഥങ്ങളേയും സുശോഭിതമാക്കുന്നത് (അവസ്യവഃ) ആർക്കാണോ സ്വകീയവസ്തുക്കളെ രക്ഷിക്കുവാൻ സ്വഭാവമുള്ളത്, അവർ (കണ്വാസഃ) ബുദ്ധിമാനാകുന്നു, പിന്നെ (വൃക്തബർഹിഷഃ) ഋത്വിക്കുകൾ (യജ്ഞത്തെ സമ്പന്നാമാക്കുന്നവർ) (ത്വാമ്) സർവ്വ ജഗത്തിന്റെയും ഉത്പാദകനായ അങ്ങയേ (ഈഡതേ) സ്തുതിക്കുന്നു.

ഭാവാർത്ഥം : അല്ലയോ സൃഷ്ടിയുടെ ഉത്പാദകനായ പരമേശ്വരാ! അങ്ങ് എല്ലാ ജീവജാലങ്ങളുടേയും സുഖത്തിനായി പദാർത്ഥങ്ങളെ സൃഷ്ടിച്ചു. അതിനെ നിലനിർത്തുകയും ചെയ്തു. മേൽപ്പറഞ്ഞ കാരണങ്ങളാൽ ഞങ്ങൾ അങ്ങയുടെ മാത്രം സ്തുതിചെയ്തുകൊണ്ടും, എല്ലാ മനുഷ്യരേയും ശിക്ഷയാലും വിദ്യയാലും സുഭൂഷിതരായികൊണ്ട് നിത്യം പ്രയത്ന ശീലരാകട്ടെ.

**(മഹർഷി ദയാനന്ദസരസ്വതിയുടെ ഋഗ്വേദഭാഷ്യത്തിൽ നിന്ന് തർജ്ജമ :കെ. എം. രാജൻ മീമാംസക്)**

(തുടരും)

**അഭീമം മഹിമാ ദിവം വിപ്രോ ബഭൂവ സപ്രഥാഃ (യജുർവേദം 38.17)**
**ഉത്തമനായ വിദ്വാൻ അവിദ്യയെ തിരസ്കരിക്കുന്നു.**

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

## വൈദിക-ദാർശനിക മാസിക

പുസ്തകം : 9 ലക്കം 7

സൃഷ്ടി സംവത്സരം 1972949125 കലിവർഷം 5125, വൈദിക സൗരമാസം : തപസ് – തപസ്യ
ചാന്ദ്രമാസം : പൗഷം – മാഘം, കൊല്ലവർഷം : 1199 മകരം – കുംഭം 2024 ജനുവരി



**രക്ഷാധികാരി**
സ്വാമി ആശുതോഷ്ജി പരിവ്രാജക്
**പത്രാധിപർ** : കെ.എം. രാജൻ മീമാംസക്
**ഉപദേശക സമിതി**
പുരുഷോത്തമൻ ആര്യ
വി. ഗോവിന്ദ ദാസ്
**പത്രാധിപ സമിതി** : കെ.കെ. ജയൻ, എസ്. ശ്രീധരശർമ്മ, പാർവ്വതി കൃഷ്ണൻ.
**വ്യവസ്ഥാപകൻ**: കെ. ഉണ്ണികൃഷ്ണൻ


### താളുകൾ മറിക്കുമ്പോൾ


| | |
|---|---|
| വേദാധ്യയനം | 2 |
| മുഖവാണി | 3 |
| ഋഗ്വേദാദിഭാഷ്യഭൂമിക | 5 |
| മനുസ്മൃതി | 6 |
| സന്ധ്യോപാസന എന്തുകൊണ്ട്? എങ്ങനെ? | 7 |
| ദ്രൗപദിയും പഞ്ചപതികളും | 8 |
| ജീവിതം ഒരെലയാഴി | 9 |
| വൈദിക ഗണപതി | 10 |
| വേദങ്ങൾ തന്നെയാണ് ഈശ്വരീയ ജ്ഞാനം | 12 |
| ദയാനന്ദ ദൃഷ്ടാന്ത സംഗ്രഹം | 13 |
| ഭാരതചരിത്രത്തിലെ ഏതാനും പരമാബദ്ധങ്ങൾ | 14 |
| ത്രൈത സിദ്ധാന്തം എന്ത്? എങ്ങനെ? | 16 |
| ഗുണപാഠ കഥകൾ | 18 |
| സരസ്വതീ വന്ദനം | 19 |



**വിലാസം**

ദയാനന്ദ സന്ദേശം, ആര്യസമാജം
പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ
വെള്ളിനേഴി തപാൽ, പാലക്കാട് – 679 504
Ph: 7907077891, 9497525923
Email :dayanandasandesam@gmail.com
Visit Us : www.aryasmajkerala.org.in
www.vedagurukulam.org


# മുഖവാണി

## ആര്യസമാജം കേരളത്തിൽ



**13. ആർ.സി. ദാസ് (1899–1993)**

കേരളത്തിൽ ആര്യസമാജത്തിന് അടിത്തറപാകിയ മഹാപുരുഷന്മാരിൽ പ്രമുഖനായ ഒരു വ്യക്തിയാണ് ആർ. സി. ദാസ് എന്ന പേരിൽ പ്രശസ്തനായി തീർന്ന രാമചന്ദ്രമേനോൻ. രാമയ്യർ – നാണിക്കുട്ടിയമ്മ ദമ്പതികളുടെ പുത്രനായി തൃശ്ശൂരിൽ ചക്രാത്ത് കുടുംബത്തിലാണ് 1899 ൽ അദ്ദേഹം ജനിച്ചത്. അമ്മാവൻ ശ്രീകൃഷ്ണ മേനോന്റെ മാർഗദർശനത്തിൽ ആദ്യകാലത്തിൽ വിദ്യാഭ്യാസം നേടിയ അദ്ദേഹം പതിനേഴാം വയസ്സിൽ അമ്മയോടൊപ്പം തിരുവിതാംകൂറിലേക്ക് താമസം മാറ്റി. ചിത്തിര തിരുനാൾ മഹാരാജാവിന്റെ സഹായത്താൽ താമസസൗകര്യവും മറ്റും തിരുവനന്തപുരത്തെ പൂജപ്പുരയിൽ വ്യവസ്ഥയായി.

ചെറുപ്രായത്തിൽ തന്നെ സാമൂഹിക – ആത്മീയ പ്രവർത്തനങ്ങളിൽ സജീവമായി.

അഗ്നിനാഗ്നിഃ സമിധ്യതേ (സാമം 944)

ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു.

മഹർഷി ദയാനന്ദ സരസ്വതി സ്ഥാപിച്ച ആര്യസമാജ പ്രവർത്തനം ജീവിത ലക്ഷ്യമായി ഏറ്റെടുത്തു. മഹാത്മാഗാന്ധി, മദൻ മോഹൻ മാളവ്യ, ജവഹർലാൽ നെഹ്റു, വിനോബാഭാവെ തുടങ്ങിയവരിൽ നിന്നും നേരിട്ടും അല്ലാതെയും ലഭിച്ച സ്വാധീനം അദ്ദേഹത്തിന്റെ ജീവിതത്തിന് അടിത്തറ പാകി. 1920 കളിൽ പൂജപ്പുരയിൽ ഒരു സേവാസദനവും ഹരിജനങ്ങൾക്കായുള്ള ഒരു താമസസ്ഥലവും ആരംഭിച്ചു. ഈ കാലഘട്ടത്തിൽ സമൂഹത്തിൽ നിലനിന്നിരുന്ന ഉച്ചനീചത്വങ്ങൾക്കെതിരെ ആര്യസമാജത്തിന്റെ നേതൃത്വത്തിൽ അദ്ദേഹവും സഹപ്രവർത്തകരും നടത്തിയ മുന്നേറ്റം ഏറെ ദേശീയ ശ്രദ്ധ പിടിച്ചുപറ്റി. പൂജപ്പുരയിലെ ചെങ്കള്ളൂർ മഹാദേവ ക്ഷേത്രത്തിൽ ഹരിജനങ്ങളെ പ്രവേശിപ്പിക്കാൻ നടത്തിയത് പോലുള്ള സമരങ്ങൾ ഒടുവിൽ മഹാരാജാവിന്റെ നേരിട്ടുള്ള ഇടപെടലിനും ക്ഷേത്രപ്രവേശന വിളംബരം വരെ എത്തിക്കാനും സഹായിച്ചു. 1920 മുതൽ 1950 വരെയുള്ള കാലഘട്ടത്തിൽ അദ്ദേഹം പൂർണമായും സാമൂഹ്യ സേവനത്തിനായി സ്വയം ഉഴിഞ്ഞുവെച്ചു. "യേശുക്രിസ്തു ഹിന്ദുവായിരുന്നില്ലേ? " എന്ന പുസ്തകം ഐരൂർ മണൽ പുറത്ത് അദ്ദേഹം നടത്തിയ ഒരു പ്രഭാഷണത്തിന്റെ പൂർണ്ണരൂപമാണ്. ശ്രീനാരായണഗുരു, മന്നത്ത് പത്മനാഭൻ, ശൂരനാട് കുഞ്ഞൻപിള്ള , അംശി നാരായണപിള്ള, മഹാകവി എംപി അപ്പൻ തുടങ്ങി വേദബന്ധുശർമ്മ വരെയുള്ള സാമൂഹ്യ സാംസ്കാരിക നേതാക്കൾക്കൊപ്പം അദ്ദേഹം പ്രവർത്തിച്ചിരുന്നു. 'ഹിന്ദു മിഷൻ' എന്ന ഒരു സംഘടനയ്ക്ക് അദ്ദേഹം രൂപം നൽകി.

ശ്രീ വേദബന്ധു ശർമ്മ തിരുവനന്തപുരം വിട്ടുപോയപ്പോൾ ആര്യസമാജത്തിന്റെ പൂർണ്ണ ചുമതല ആർ.സി. ദാസിനെ ഏൽപ്പിച്ചു. 50000 അവശക്രൈസ്തവരെ വൈദിക ധർമ്മത്തിലേക്ക് കൊണ്ടുവരാനും അവരുടെ വിദ്യാഭ്യാസ സാംസ്കാരിക-സാമുദായിക നില മെച്ചപ്പെടുത്താനും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ആര്യസമാജത്തിന് സാധിച്ചു.

"യേശുക്രിസ്തു ഹിന്ദു ആയിരുന്നില്ലേ," സന്ധ്യാവന്ദനം, On the massage of Quran, മുഹമ്മദ് ഇക്ബാലിന്റെ കവിതകൾ എന്നിവ അദ്ദേഹത്തിന്റെ പ്രമുഖ കൃതികളാണ്. കേസരി പത്രത്തിലും അദ്ദേഹം പ്രവർത്തിച്ചിരുന്നു. അദ്ദേഹത്തിന്റെ ധർമ്മപത്നി തങ്കമ്മ ദാസും സാമൂഹ്യപ്രവർത്തനങ്ങളിൽ അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. രവീന്ദ്രൻ നായർ, ഇന്ദിരാദേവി, ശശികുമാർ, വിജയകുമാർ, വത്സലകുമാരി, രമാദേവി എന്നിവരാണ് മക്കൾ. 1993 ൽ അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

(തുടരും)

(പത്രാധിപർ)

ഓം നമഃ ശംഭവായ ച മയോഭവായ ച (യജു. 16.41)

മംഗളത്തിന്റെയും സുഖത്തിന്റെയും ഉറവിടമായ ഭഗവാനെ! അങ്ങയെ നമസ്കരിക്കുന്നു.

(മുൻലക്കത്തിന്റെ തുടർച്ച)



# ഋഗ്വേദാദി ഭാഷ്യഭൂമിക

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ : കെ. എം. രാജൻ മീമാംസക്

## 4. വേദവിഷയവിചാരഃ

കുത ഏതേ വസവഃ ഇതി?യദ്യസ്മാദേതേഷ്വഷ്ടസ്വേവേദം സർവ്വം സമ്പൂർണം വസുവസ്തുജാതം ഹിതം ധൃതമസ്തി । കിഞ്ച സർവ്വേഷാം വാസാധികരണാനീമ ഏവ ലോക സന്തി । ഹി യതശ്ചേദം വാസയന്തേ സർവ്വസ്യാസ്യ ജഗതോവാസഹേതവസ്തസ്മാത് കാരണാദഗ്ന്യാദയോ വസുസംജ്ഞകാ സന്തീതി ബോദ്ധവ്യമ് ।

(ഏകാദശ രുദ്രാഃ) യേ പുരുഷേഽസ്മിൻ ദേഹേ പ്രാണഃ, അപാനഃ വ്യാനഃ, സമാനഃ, ഉദാനഃ, നാഗഃ, കൂർമഃ, കൃകലഃ, ദേവദത്തഃ, ധനഞ്ജയശ്ച ഇമേ ദശ പ്രാണാഃ, ഏകദശമ ആത്മാ, സർവ്വേ മിലിത്വൈകാദശ രുദ്രാ ഭവന്തി। കുതഃ ഏതേ രുദ്രാഃ ഇത്യത്രാഹ-യദാ യസ്മിൻ കാലേഽസ്മാന്മരണധർമകാച്ഛരീരാദുൽക്രാമന്തോ നിഃസരന്തഃ സന്തോഽഥേത്യനന്തരം മൃതകസംബന്ധിനോ ജനാസ്തേ രോദയന്തി । യതോ ജനാഃ രുദന്തി ('യതോ ജനാൻ രോദയന്തി' ഇതിശുദ്ധഃ പാഠോ ജ്ഞേയ।) തസ്മാത് കാരണാദേതേ രുദ്രാഃ സന്തീതി വിജ്ഞേയമ് ।

(ദ്വാദശാദിത്യാഃ) ചൈത്രാദ്യാഃ ഫാൽഗുനാന്താ ദ്വാദശ മാസാ ആദിത്യാ വിജ്ഞേയാഃ। കുതഃ? ഹി യത ഏതേ സർവ്വം ജഗദാദദാനാ അർത്ഥാദാസമന്താദ് ഗൃഹ്ണന്തഃ പ്രതിക്ഷണമുത്പന്നസ്യ വസ്തുന ആയുഷഃ പ്രളയം നികടമാനയന്തോ യന്തി ഗച്ഛന്തി, ചക്രവദ് ഭ്രമണേനോത്തരോത്തരം ജാതസ്യ വസ്തുനോഽവയവ ശിഥിലതാം പരിണാമേന പ്രാപയന്തി। തസ്മാത് കാരണാൻമാസാനാമാദിത്യ സംജ്ഞാ കൃതാസ്തി।

ഇന്ദ്രഃ പരമൈശ്വര്യയോഗാത് സ്തനയിത്നുരശനിർവിദ്യുദിതി। പ്രജാപതിർ യജ്ഞഃ പശവഃ ഇതി। പ്രജായാഃ പാലനഹേതുത്വാദ് പശൂനാം യജ്ഞസ്യ ച പ്രജാപതിരിതി ഗൗണകി സംജ്ഞാ കൃതാസ്തി। ഏതേ സർവേ മിലിത്വാ ത്രയസ്ത്രിംശദ് ദേവാ ഭവന്തി । ദേവോ ദാനാദിത്യാദിനിരുക്ത്യാ (നിരുക്തം 7.15) ഹ്യേതേഷു വ്യാവഹാരികമേവ ദേവത്വം യോജനീയമ് (ശതപഥം 14.4.3.11)

(തുടരും)

*വിപ്രാ അമൃതാ ഋതജ്ഞാഃ (യജുർവേദം 9.18)*
*വിപ്രൻ സത്യവ്രതനും അമരനുമാകുന്നു*



(മുൻലക്കത്തിന്റെ തുടർച്ച)

# മനുസ്മൃതി

ഡോ. സുരേന്ദ്രകുമാർ

തർജ്ജമ : കെ.എം. രാജൻ മീമാംസക്

**അധ്യായം : 1** **മനുസ്മൃതിയുടെ മഹത്വം, രചയിതാവ്, കാലവും ആദ്യരൂപവും (തുടർച്ച)**

**അ**ദ്ദേഹം സ്വയം ജ്ഞാതാവ് ആണ്. അദ്ദേഹത്തിന്റെ ജ്ഞാനത്തിന്റെ ആധാരത്തിലാണ് ഇവിടെ ഉത്തരം നൽകുന്നത്. വേദങ്ങളിൽ പരിശോധിച്ച് തന്റെ തന്നെ ആശയം പറയുകയാണ്. മറ്റാരുടേയുമല്ല.

(ഗ) ബ്രഹ്മാവിൽ നിന്നാണ് ഈ ജ്ഞാനത്തെ പ്രാപിച്ചതെങ്കിൽ ബ്രഹ്മ എന്ന പേര് കാരണം ഋഷിമാർക്ക് ആ ജ്ഞാനത്തോട് ആകർഷണം തോന്നാം. അതായത് മനുവിന് ബ്രഹ്മാവിന്റെ പേരിൽ പ്രത്യേക വൈശിഷ്ട്യവും പ്രസിദ്ധിയും കാണുന്നുണ്ടെങ്കിൽ എല്ലാ വിഷയങ്ങളിലും "ബ്രഹ്മാവ് എന്നോട് ഇത് പറഞ്ഞു, ഇതാണ് ശരിയെന്ന് മനസ്സിലാക്കി തന്നു, തെറ്റ് ചൂണ്ടിക്കാണിച്ചുതന്നു" തുടങ്ങിയ കാരണങ്ങൾ പറയുമായിരുന്നു. അല്ലെങ്കിൽ അദ്ദേഹത്തിന്റെ അഭിപ്രായം ഇതാണെന്ന് വ്യക്തമാക്കിയേനെ. പക്ഷേ മനുസ്മൃതിയിൽ ഒരിടത്തൊഴിച്ച് (9.138) ബ്രഹ്മാവിന്റെ അഭിപ്രായങ്ങൾ രേഖപ്പെടുത്താത്തതിനാൽ വ്യക്തമാവുന്നത് മനുസ്മൃതിയുടെ രചനയുമായി ബ്രഹ്മാവിന് ഒരു ബന്ധവുമില്ല എന്നാണ്. ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം ധർമ്മാധർമ്മങ്ങളെ വിവരിക്കുന്ന സമയത്ത് ഒന്നുകിൽ ഋഷിമുനിമാരുടെ അഭിപ്രായങ്ങളെ ഉദ്ധരിക്കുകയോ അല്ലെങ്കിൽ സ്വന്തം അഭിപ്രായത്തെ പ്രകാശിപ്പിക്കുകയോ ആണ് ചെയ്തിരിക്കുന്നത്. എന്നാൽ ഋഷിമുനിമാരുടെ മാന്യതയ്ക്ക് അനേകം ഇടങ്ങളിൽ സൂചനയുണ്ട്. (അഹിർ മനീഷിണഃ(1.17) " ധർമ്മസ്യ മുനയോ ഗതിമ് (1.110, 2.88,124) തുടങ്ങിയവ). എന്നാൽ ബ്രഹ്മാവിന് ഇതിനോട് ബന്ധം ഉണ്ടായിരുന്നുവെങ്കിൽ അദ്ദേഹത്തെ പ്രമുഖതയോടെ ഉദ്ധരിക്കുമായിരുന്നു. ഇതിൽ നിന്നും വ്യക്തമാവുന്നത് മനുസ്മൃതിയുടെ മൂല പ്രവക്താവ് സ്വയം മനുവാണ് എന്നാണ്. ബ്രഹ്മാവിന് ഈ രചനയുമായി യാതൊരു ബന്ധവുമില്ല.

(ഘ) മനുസ്മൃതിയുടെ രചനാശൈലിയാൽ വ്യക്തമാവുന്നത് അത് മൂല രൂപത്തിൽ നിബന്ധശാസ്ത്രരൂപത്തിൽ (എഴുതപ്പെട്ട ശാസ്ത്രത്തിന്റെ രൂപത്തിൽ) ആയിരുന്നില്ല. ശാസ്ത്ര രൂപത്തിൽ അല്ലാത്തതുകൊണ്ട് ഇതിന്റെ

(ശേഷം പേജ് 15 ൽ)

**ഈശാവാസ്യമിദം സർവ്വം (യജു. 40.1)**

**ഈ ജഗത്ത് മുഴുവൻ ഈശ്വരമയമാണ്.**



(മുൻലക്കത്തിന്റെ തുടർച്ച)

# സന്ധ്യോപാസന എന്തുകൊണ്ട്? എങ്ങനെ?

പണ്ഡിറ്റ് ഗംഗാപ്രസാദ് ഉപാധ്യായ
തർജ്ജമ : കെ. എം. രാജൻ മീമാംസക്

## അദ്ധ്യായം: 4

## ശന്നോ ദേവീ.....മന്ത്രം

എന്നാൽ ജീവാത്മാവ് ഇതിൽ സന്തോഷിക്കാറില്ല. അതിനാൽ ആ നൽകപ്പെട്ട വസ്തുക്കൾ നിരർത്ഥകമായിത്തീരുന്നു. ഈശ്വരനെതിരായി മനുഷ്യർക്ക് പരാതികൾ ഉണ്ടാവുന്നു. മനുഷ്യരുടെ ക്ഷുദ്ര ദൃഷ്ടിയാണ് അവരുടെ ആപത്തുകൾക്കെല്ലാം മൂലകാരണം. ഈശ്വരൻ നമുക്ക് അത് നൽകിയില്ല....... ഇത് നൽകിയില്ല എന്നിങ്ങനെ പരാതിപ്പെടുന്നു. എന്നാൽ ഈശ്വരൻ നമുക്ക് എന്തെല്ലാം നൽകി എന്നതിന് ഒരു കൃതജ്ഞത നാം പ്രകടിപ്പിക്കുന്നില്ല. ഈ പ്രവൃത്തിയാൽ ഈശ്വരനുമേൽ ക്രോധവും വെറുപ്പുമാർന്ന ഭാവങ്ങൾ ഉൽപ്പന്നമാകുന്നു. നാം പറഞ്ഞു കൊണ്ടിരിക്കുന്നു " അല്ലയോ ഈശ്വരാ! അങ്ങയോട് ഞങ്ങൾ എന്ത് തെറ്റ് ചെയ്തിട്ടാണ് അങ്ങ് ഞങ്ങൾക്ക് ഇത്തരം കഷ്ടതകൾ വരുത്തി വയ്ക്കുന്നത്. ഈശ്വരൻ നമുക്ക് അസംഖ്യം ഉപകാരങ്ങൾ ചെയ്തിട്ടുണ്ടെന്നും ഒന്നോ രണ്ടോ ആഗ്രഹങ്ങൾ സഫലമായില്ലായെങ്കിൽ നാം ഈശ്വരനെ കുറ്റപ്പെടുത്തരുത് എന്ന് നാം ചിന്തിക്കുന്നില്ല.

ഈശ്വരൻ നമുക്ക് ഉപകാരങ്ങൾ ചെയ്യുന്നു. എന്നാൽ നാം ഈ ഉപകാരങ്ങൾ കൃതജ്ഞതാപൂർവ്വം സ്വീകരിച്ചില്ലെങ്കിൽ ഈ ഉപകാരങ്ങളുടെ മൂല്യം കുറഞ്ഞുപോകുന്നു. അവയിൽ നിന്ന് ഏതൊരു സുഖമായിരുന്നുവോ ലഭിക്കേണ്ടിയിരുന്നത് അത് ലഭിക്കില്ല. ഈശ്വരൻ ഉപകാരപ്രദമായ വസ്തുക്കൾ നൽകും. എന്നാൽ സന്തോഷം നൽകാനാവില്ല. സന്തോഷം ജീവാത്മാക്കൾക്ക് സ്വയം ഉണ്ടാവുന്നതാണ്. നമ്മുടെ പ്രവൃത്തി അസന്തോഷകരമാണെങ്കിൽ ലോകത്തുള്ള ഉത്തമ വസ്തുക്കൾക്ക് ഒന്നും നമുക്ക് സുഖം നൽകാൻ ആവില്ല

"ശന്നോ ദേവി..." മന്ത്രം ഈ കാര്യത്തെ ബലപ്പെടുത്തുന്നു. ഈശ്വരൻ നൽകുന്ന ഉപകാരങ്ങൾ അസംഖ്യമാണ്. എന്നാൽ നാം നമ്മുടെ ഭാഗത്തുനിന്ന് 'പ്രീതി'യുടെ പ്രകാശനം നടത്തുന്നതുവരെ ഈ സമസ്ത പദാർത്ഥങ്ങളും നമുക്ക് സുഖം നൽകില്ല. അമ്മ കുട്ടികൾക്ക് നല്ല ഭക്ഷണം നൽകുന്നു. എന്നാൽ ഭക്ഷണത്തിന്റെ സ്വാദറിയാൻ അത് കഴിക്കുന്ന കുട്ടിയുടെ പ്രവൃത്തിയുടെ കുറച്ചുഭാഗംകൂടി ആവശ്യമാണ്. (തുടരും)

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*

(മുൻ ലക്കത്തിന്റെ തുടർച്ച)



# ദ്രൗപദിയും പഞ്ചപതികളും

അമർസ്വാമി സരസ്വതി
തർജ്ജമ : കെ. എം. രാജൻ മീമാംസക്

## പാണ്ഡവരുടെ പത്നിമാരുടേയും പുത്രന്മാരുടേയും പട്ടിക

| ക്രമ നം. | പേര് | പത്നി | ദേശം | രാജാവ് | പുത്രൻ |
|---|---|---|---|---|---|
| 1 | യുധിഷ്ഠിരൻ | 1. ദ്രൗപദി (മുഖ്യ)<br>2. ദേവികാ (ഗൗണ) | പാഞ്ചാലം<br>ശിവി | ദ്രുപദൻ<br>ഗോവാസൻ | 5 പുത്രന്മാർ<br>യോദ്ധേയ |
| 2 | ഭീമസേനൻ | 1. ബലന്ധരാ (മുഖ്യ)<br>2. ഹിഡിംബാ (ഗൗണ) | കാശി<br>വനം | കാശിരാജാവ്<br>വനത്തിലെ രാക്ഷസൻ | സവർഗ്ഗ<br>ഘടോൽക്കചൻ |
| 3 | അർജ്ജുനൻ | 1. സുഭദ്ര (മുഖ്യ)<br>2. ഉലൂപി (ഗൗണ)<br>3. ചിത്രാംഗദാ (ഗൗണ) | മഥുര<br>പാതാളം (അമേരിക്ക)<br>മണിപ്പൂർ | വാസുദേവൻ<br>നാഗരാജൻ<br>ചിത്രവാഹനൻ | അഭിമന്യു<br>ഈരാബാൻ<br>ബഭ്രുവാഹനൻ |
| 4 | നകുലൻ | കരേണുമതി | മധ്യ പ്രദേശ് | ചേദി | നിരമിത്രൻ |
| 5 | സഹദേവൻ | വിജയാ | മദ്രദേശം | ദ്യുതിമാൻ | സുഹോത്രൻ |

**(ഈ ലേഖനം പുസ്തക രൂപത്തിൽ ഉടൻ പ്രസിദ്ധീകരിക്കുന്നതിനാൽ തൽക്കാലം തുടർലേഖനം ഇവിടെ നിർത്തുന്നു. - പത്രാധിപർ)**

**യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)**

**ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ**



(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

## അധ്യായം : 6 (തുടർച്ച......)

## ഗുരുകുലവാസം

അവിടെതന്നെ ഉല്പാദിപ്പിക്കുന്ന പാലും തൈരും നെയ്യും പച്ചക്കറികളും പയർ വർഗ്ഗങ്ങളും മറ്റും മാത്രമേ അവിടെ ഉപയോഗിക്കാറുള്ളൂ. തിരുമ്പുന്ന സോപ്പ് (ശരീരത്തിൽ തേക്കാൻ ചെറുപയർ പരിപ്പോ കടലമാവോ ആണുപയോഗിക്കുക.) തണുപ്പ് കാലത്ത് തേക്കാനുള്ള കടുകെണ്ണ, പല്ലു തേയ്ക്കാനുള്ള കയ്പ്പൻവേപ്പിന്റെ കൊമ്പ്, വേനൽക്കാലത്ത് തേക്കാനുള്ള എള്ളെണ്ണ, ഉടുക്കാനുള്ള വസ്ത്രങ്ങൾ, ശത്രു നിവാരണത്തിനുള്ള ദണ്ഡ്, പാദുകം, ശിരോ രക്ഷക്കുള്ള തലപ്പാവ് മുതലായവ സൗജന്യമായി നൽകും. അങ്ങനെ 100% മാവില്ലെങ്കിലും 95% ശതമാനം എങ്കിലും സ്വയംപര്യാപ്ത നേടിയ ആർഷ സംസ്കൃത വിദ്യാനികേതനം.

ദക്ഷിണ ഭാരതീയ രീതിയിലല്ല ഇവിടുത്തെ സംസ്കൃത പഠന- പാഠന രീതി. ദക്ഷിണ ഭാരതത്തിൽ കേരളത്തിൽ പ്രത്യേകിച്ചും സാഹിത്യത്തിനാണ് പ്രധാന്യമെങ്കിൽ ഇവിടെ വ്യാകരണത്തിനാണ് പ്രാധാന്യം. ദക്ഷിണ ദേശത്തെ വിശേഷിച്ച് കേരളത്തിൽ അർത്ഥവിചാരം കൂടാതെ സ്വരത്തിന് മാത്രം പ്രാധാന്യം നൽകിക്കൊണ്ട് സംഹിത കണ്ഠസ്ഥമാക്കുന്നതുപോലെയാണ് ആദ്യം കണ്ഠസ്ഥമാക്കുക 5 x 8 = 40 എത്രയെന്ന് ചോദിച്ചാൽ പെട്ടെന്ന് 40 എന്ന് ഉത്തരം പറയുന്ന വിധം കണക്ക് പഠിച്ച് കണ്ഠസ്ഥമാക്കണം 4000 പാണീനിയ സൂത്രങ്ങൾ. അപ്പോൾ മാത്രമേ ഈ സൂത്രം ഇന്ന അദ്ധ്യായത്തിലെ ഇത്രാമത്തെ സൂത്രം ആണെന്ന് പറയാൻ പറ്റൂ. സൂത്രങ്ങൾ മേൽപ്പറഞ്ഞ തരത്തിൽ എണ്ണി ഹൃദിസ്ഥമാക്കി കഴിഞ്ഞാൽ പിന്നെ സൂത്രാർത്ഥവിചാരമായി. അതിനുശേഷം ആണ് സൂത്ര സിദ്ധി. സൂത്ര സിദ്ധികൊണ്ട് ധാതു ജ്ഞാനവും അതിന്റെ താൽപര്യവും മനസ്സിലാകും. പിന്നെ സാഹിത്യം വിഷമതങ്ങളില്ലാതെ നോക്കി സ്വയം മനസ്സിലാക്കാനാകും അപ്പോൾ സാഹിത്യത്തിന് വേണ്ടി സമയം അധികം ചെലവാക്കേണ്ടി വരില്ല. അത് ഇടവേള പോലെ അധികാധ്വാനമില്ലാതെ സ്വായത്തമാകും.

(തുടരും)

**യാന്തി പ്രമാദമതന്ദ്രാഃ (സാമം 721)**

**ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു**



# വൈദിക ഗണപതി

മദൻ രഹേജ

തർജ്ജമ : കെ.കെ.ജയൻ ആര്യ

(ശ്രീ. മദൻ രഹേജയുടെ വൈദിക ഗണപതി എന്ന ഹിന്ദി പുസ്തകത്തിന്റെ മലയാള പരിഭാഷയുടെ ഏതാനും ഭാഗങ്ങൾ ഇവിടെ ഖണ്ഡശ്ശയായി പ്രസിദ്ധീകരിക്കുകയാണ്. കെ.കെ. ജയൻ ആര്യയാണ് ഈ പരിഭാഷ നടത്തിയിരിക്കുന്നത്.)

## ഭൂമിക

ഓദമ് ശംനോമിത്ര: ശം വരുണ:
ശം നോ ഭവത്വര്യ്യമാ । ശം ന ഇന്ദ്രോ
ബൃഹസ്പതി: ശംനോ വിഷ്ണുരുരുക്രമ: ।
നമസ്തേ വായോ ത്വമേവ പ്രത്യക്ഷം ബ്രഹ്മാസി ।ത്വമേവ പ്രത്യക്ഷം
ബ്രഹ്മ വദിഷ്യാമി ഋതം വദിഷ്യാമി സത്യം വദിഷ്യാമി തന്മാമവതു।
തദ് വക്താരമവതു അവതു മാമ് । അവതു വക്താരമ് ॥
ഓദമ് ശാന്തി: ശാന്തി: ശാന്തി: ।

പരമാത്മാവ് സാക്ഷിയായി ഏതെങ്കിലും ധർമ്മത്തെയൊ മതത്തെയൊ സമ്പ്രദായത്തെയൊ മാർഗ്ഗത്തെയൊ നിന്ദിക്കുവാനോ അപഹസിക്കുവാനോ അപമാനിക്കുവാനോ യാതൊരുദ്ദേശവും ഈ ഗ്രന്ഥത്തിനില്ല. ലോകത്തിലെ സർവ്വ മനുഷ്യ, ജീവ പ്രാണികളോടും കരുണ, സ്നേഹം, ദയ എന്നിവ മാത്രം മനസ്സിൽ നിറച്ചുകൊണ്ടും ആരുടെയും മനസ്സിനെയും ആത്മാഭിമാനത്തെയും വിചാരങ്ങളെയും നോവിപ്പിക്കണമെന്ന ചിന്ത ലേശമാത്രം പോലുമില്ലാതെയും എന്നാൽ സർവ്വ മനുഷ്യർക്കും സ്വസ്തിയും സമാധാനവും സന്തോഷവും അതോടൊപ്പം സത്യദർശനത്തിന്റെയും, ധർമ്മത്തിന്റെയും പ്രകാശം എത്തിക്കുവാനുള്ള എളിയ ശ്രമമാണ് ഈ പുസ്തക രചനയുടെ പിന്നിലുള്ളത്. കാരണം അധർമ്മികളും ദുരാചാരികളും മിഥ്യാചാരികളും ധർമ്മത്തിന്റെ പേരിൽ അന്ധവിശ്വാസം പ്രചരിപ്പിക്കുന്ന പൗരാണിക സിദ്ധന്മാരും ഗുരുക്കന്മാരും വിത്തേഷണയിൽ കുടുങ്ങിയ സന്യാസിമാരും ചേർന്ന് ഭയാനകമായ രോഗാവസ്ഥയിലേക്ക് ജനസമൂഹത്തെ നയിച്ചുകൊണ്ടിരിക്കുന്നു. സത്യബോധമുള്ള ഒരു ജനതയുടെ തുറന്ന കോടതിയിൽ അവരെ വിചാരണ ചെയ്ത് അസത്യത്തിന്റെ മൂടുപടം

ബൃഹദ് വദേമ വിവഥേ സുവീരാഃ (യജുർവേദം 34.58)

ഞങ്ങൾ ശാസ്ത്രാർത്ഥങ്ങളെ നന്നായി വദിക്കും

ദൂരെയെറിയാൻ സാധിക്കണം. അഥവാ ആരാണ് ധൂർത്തിന്റെയും അന്ധവിശ്വാസത്തിന്റെയും പിടിയിൽ നിന്നും പുറത്തു വന്ന് സത്യാസത്യങ്ങളുടെ വിവേചനത്താൽ മനസാ വാചാ കർമ്മണാ ഗുണകർമ്മ സ്വഭാവങ്ങളാൽ ധർമ്മിഷ്ഠരാകുവാൻ ആഗ്രഹിക്കാത്തവർ? പൗരാണിക കല്പിതങ്ങളായ ഹിന്ദു ദേവീദേവന്മാരോട് നമ്മുടെ ദേശത്തുമാത്രമല്ല മുഴുവൻ വിശ്വത്തിലുമുള്ള അന്യമതസ്ഥർ നടത്തുന്ന അവഹേളനങ്ങളെ തടയുകയും പൗരാണികവും അതുപോലെ തന്നെ ഹൈന്ദവ മനസ്സുകളിൽ കടന്നുകൂടിയിട്ടുള്ള അന്ധവിശ്വാസ രോഗങ്ങളിൽ നിന്നും സാധാരണ ജനങ്ങളെ മോചിപ്പിക്കുകയും ചെയ്ത് പരമാത്മദർശനത്തിന്റെ പാതയിലേക്ക് നയിക്കുകയാണ് ഈ ഉദ്യമത്തിന്റെ ലക്ഷ്യം.

നാം ധാർമ്മികരായ വിദ്വാന്മാർ, സാധു, സന്യാസിമാർ തുടങ്ങിയ മഹത്തുക്കളെ സർവ്വാത്മനാ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്നു. അതേ സമയം ധർമ്മത്തിന്റെ പേരിൽ അധർമ്മം പ്രചരിപ്പിക്കുന്നതിനെ അധർമ്മം തന്നെയായി കാണുകയും ചെയ്യുന്നു. ഈശ്വരന്റെ പേരിൽ വിൽപ്പന നടത്തുന്നതും ദാനം ചെയ്യേണ്ടതിനുപകരം വൻ തുക ദക്ഷിണ വാങ്ങുന്നതും, ഈശ്വരനുപകരം മറ്റു പലതിനെയും പൂജിക്കുന്നതുമെല്ലാം എവിടത്തെ ധർമ്മമാണ്?

വൈദിക സംസ്കൃതി പരമ്പരയിൽ ഏതെങ്കിലും ഒരു സംരംഭം ആരംഭിക്കുന്നതിനുമുമ്പ് പരമപിതാവായ ഈശ്വരനെ (ഗണപതി) ഉപാസന ചെയ്യുക എന്ന ഒരു വിധാനമുണ്ട്, അത് ഉചിതവുമാണ്. കാരണം ഈശ്വര കൃപകൊണ്ടുമാത്രമാണ് മനുഷ്യന്റെ കാര്യങ്ങളുടെ സമ്പൂർണ്ണ സിദ്ധിയുണ്ടാകുന്നത്. ഹിന്ദു സമാജത്തിൽ സർവ്വ ദേവീദേവന്മാരുടെയും പൂജക്കുമുമ്പ് ഗണപതിയുടെ പൂജ ചെയ്യുന്ന പതിവിനും കാരണം ഗണപതി (പരമേശ്വരൻ ) സർവ്വോപരിയായതുകൊണ്ടാണ്.

സാധാരണ ജനങ്ങൾ ഏതെങ്കിലും ദേവീ ദേവതകളുടെ മൂർത്തിയെ കാണുമ്പോൾ തനിക്ക് ഈശ്വരദർശനം ലഭിച്ചു എന്ന് കരുതുന്നവരാണ്. എന്നാലിത് അന്ധവിശ്വാസം മാത്രമാണ്. ദേവതകളുടെ മൂർത്തി, ചിത്രം, പ്രതിമ, ശില്പം എന്നിവ യഥാർത്ഥത്തിൽ ജഡ വസ്തുക്കൾ തന്നെയാണ്. ഇവയെ പൂജിക്കുന്നതുകൊണ്ടോ അതിനുനിവേദ്യം അർപ്പിക്കുന്നതുകൊണ്ടോ യാതൊരു പ്രയോജനവും ഉണ്ടാകുന്നില്ല എന്നുമാത്രമല്ല അത് അന്ധവിശ്വാസം, അന്ധശ്രദ്ധ എന്നിവ വർദ്ധിപ്പിക്കുകയും കൂടി ചെയ്യുന്നു. ഈശ്വരനുപകരം മറ്റു വസ്തുക്കളെ പൂജിക്കുന്നത് പാപം മാത്രമല്ല, മഹാപാപം തന്നെയാണ്.

(തുടരും)

*ബ്രഹ്മൻ ത്വം ബ്രഹ്മസി (യജുർവേദം 10.28)*
*ഹേ ബ്രഹ്മൻ! നീ അറിവുള്ളവനാകുന്നു*

(മുൻലക്കത്തിന്റെ തുടർച്ച)



# വേദങ്ങൾ തന്നെയാണ് ഈശ്വരീയ ജ്ഞാനം

ശിവശങ്കർ ശർമ്മ കാവ്യതീർത്ഥ്
തർജ്ജമ : കെ. എം. രാജൻ മീമാംസക്

## ഈശ്വരീയ ഗ്രന്ഥം ഏത് ? (തുടർച്ച.....)

### മനുഷ്യന്റെ സർവ്വജ്ഞത

ഈശ്വരനാണ് ഇവയുടെ നിമിത്തകാരണം അഭാവത്തിൽ നിന്ന് ഭാവം ഉണ്ടാകില്ല. എന്നാൽ ഭാവത്തിന്റെ വികാസമുണ്ടായി. സൃഷ്ടി എങ്ങനെ നടന്നു എന്നതിനെക്കുറിച്ചുള്ള ചോദ്യം വേദങ്ങളിലെ രണ്ടു മന്ത്രങ്ങളിൽ വരുന്നുണ്ട്. അതുപോലെ

**കിം സ്വിദാസീദധിഷ്ഠാന മാരംഭണം ശതമത് സ്വിത് കഥാസിത് ।**
**യതോ ഭൂമിം ജനയൻ വിശ്വകർമാ വിദ്യാമൗർണോർത്**
**മഹിനാ വിശ്വചക്ഷാഃ । (യജുർവേദം 17.18)**

കുശവൻ കുടം തുടങ്ങിയ വസ്തുക്കൾ ഉണ്ടാക്കാൻ ആഗ്രഹിക്കുമ്പോൾ മണ്ണ് തുടങ്ങിയ പ്രയോജനപ്രദമായ വസ്തുക്കൾ ശേഖരിച്ച് ഏതെങ്കിലും ഒരു സ്ഥാനത്തിരുന്ന് കുടം തുടങ്ങിയവ നിർമ്മിക്കാൻ തുടങ്ങുന്നു. ഇത് ലോകത്ത് കാണപ്പെടുന്നതാണ്. ഈ ലൗകിക ന്യായം വേദങ്ങളിലും ഉണ്ടാവണം. ആദ്യം ഇപ്രകാരമുള്ള ഒരു ചോദ്യം ചോദിക്കാം. എപ്പോഴാണോ (അധിഷ്ഠാനമ്) ഈ ജഗത്തിനെ സൃഷ്ടിക്കുമ്പോൾ ഈശ്വരന്റെ വാസസ്ഥാനം (കിംസ്വിത് + ആസീത്) എന്തായിരുന്നുവെന്നും (ആരംഭണമ്) ആരംഭത്തിനുള്ള സമാഗ്രി (കതമത്-സ്വിത്) എന്തായിരുന്നു (യതഃ) ഏത് കാലത്ത് (ഭൂമിം + ദ്യാമ്+ച) പൃഥിവിയും ദ്യുലോകവും (ജനയൻ + വിശ്വകർമ്മാ) ഉൽപ്പന്നമാക്കി വിശ്വകർമ്മാവ് (വിശ്വചക്ഷഃ) സർവദ്രഷ്ടാവായ പരമാത്മാവ് (മഹിനാ) തന്റെ സാമർത്ഥ്യാത്താൽ (വി+ഔർണാത്) സമസ്ത ജഗത്തിനേയും ധാരണം ചെയ്യുന്നു.

**കിം സ്വിദ്വനം ക ഉ സ വൃക്ഷ ആസ യതോദ്യാപൃഥിവീ നിഷ്ടതക്ഷുഃ ।**
**മനീഷിണോ മനസാ പൃച്ഛതേതു തദ്യധ്യതിഷ്ഠദ്**
**ഭുവാനാനി ധാരയന് । (യജുർവേദം 17.20)**

(തുടരും)

---

**തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)**
**ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !**



(മുൻ ലക്കത്തിന്റെ തുടർച്ച)

# ദയാനന്ദ ദൃഷ്ടാന്ത സംഗ്രഹം

സത്യാനന്ദ് 'വേദവാഗീശ്'

തർജ്ജമ : ബ്രഹ്മചാരി ശാസ്തൃശർമ്മൻ

**പ്രശ്നം: കാരണം കൂടാതെ കാര്യം സൃഷ്ടിക്കാൻ പരമേശ്വരൻ കഴിവുള്ളവന ല്ലേ?**

**ഉത്തരം:** അല്ല, എന്തെന്നാൽ ഏതൊന്നാണോ അഭാവം (ഇല്ലാത്തത്) അതിന്റെ ഭാവം ഒരിക്കലും സാധ്യമല്ല. ഉദാഹരണത്തിനായി ഒരു വന്ധ്യയുടെ പുത്രൻ വേറൊരു വന്ധ്യയുടെ പുത്രിയെ വിവാഹം ചെയ്യുന്നത് ഞാൻ കണ്ടു. അവൻ മനുഷ്യന്റെ കൊമ്പുകൊണ്ടുണ്ടാക്കിയ ഒരു വില്ല് പിടിച്ചിരുന്നു. അവർ രണ്ടുപേരും ആകാശപുഷ്പങ്ങൾ കൊണ്ടുള്ള മാലകൾ ധരിച്ചിരുന്നു. അവർ ഇരുവരും ഗന്ധർവ നഗരത്തിൽ പാർക്കുകയും മൃഗതൃഷ്ണയാകുന്ന ജലത്തിൽ മുങ്ങി കുളിക്കുകയും ചെയ്തിരുന്നു. അവിടെ മേഘങ്ങളുടെ അഭാവത്തിൽ മഴയും മണ്ണില്ലാതെ തന്നെ സസ്യങ്ങളും വിളവും ഉണ്ടായിരുന്നു എന്ന് ഒരുത്തൻ ജല്പിക്കുന്നതായാൽ അത് എത്രത്തോളം അസംഭവമാണോ അത്രത്തോളം തന്നെ അസംഭവ്യമാണ്, കാരണം കൂടാതെ കാര്യമുണ്ടാവുക എന്ന് പറയുന്നതും

"മമ മാതാപിതരൗ ന സ്തോഽഹമേവമേവജാതഃ । മമ ജിഹ്വാ നാസ്തി വദാമി ച ।" അതായത് എനിക്ക് അച്ഛനും അമ്മയും ഉണ്ടായിട്ടില്ല. ഞാൻ തന്നെ തന്നെയാണ് ജനിച്ചത്. എനിക്ക് നാവില്ല എങ്കിലും ഞാൻ സംസാരിക്കുന്നു, മാളത്തിൽ പാമ്പ് ഉണ്ടായിരുന്നില്ല എങ്കിലും പുറത്തേക്കു പോയി. ഞാനും ഇവനും ഒരിടത്തും ഉണ്ടായിരുന്നില്ല. എന്നാലും എങ്ങു നിന്നോ വന്നു ഇങ്ങനെ തുടങ്ങിയിട്ടുള്ള അസംഭവ വചനങ്ങൾ ഉന്മത്തപ്രലപിതങ്ങളാകുന്നു.

**പ്രശ്നം: കാരണം കൂടാതെ കാര്യമുണ്ടാവുകയാണെങ്കിൽ കാരണത്തിന്റെ കാരണം എന്താണ്?**

**ഉത്തരം:** കേവലം കാരണരൂപയായിട്ടുള്ള പദാർത്ഥങ്ങൾ മറ്റൊന്നിന്റെ കാര്യമായി തീരുന്നില്ല. എപ്രകാരമാണോ പൃഥിവി മുതലായ കെട്ടിടങ്ങളുടെ കാരണവും ജലം തുടങ്ങിയവയുടെ കാര്യവും ആകുന്നത് എന്നിരിന്നാലും എല്ലാത്തിന്റെയും മൂലകാരണം അനാദിയായ മൂലപ്രകൃതിയാകുന്നു.

(തുടരും)

**ധർമ്മം ചര (തൈ. ഉ. 1.11.1)**
**ധർമ്മാചരണം ചെയ്യൂ !**



# ഭാരത ചരിത്രഗവേഷണത്തിലെ ഏതാനും പരമാബദ്ധങ്ങൾ

പ്രൊ.പി.എൻ.ഓക്
തർജ്ജമ : കെ. എം. രാജൻ മീമാംസക്

(പ്രസിദ്ധ ഭാരതീയ ചരിത്രകാരനായിരുന്ന പ്രൊഫസർ പി എൻ ഓക്കിന്റെ Some Blunders of Indian Historical Research എന്ന ഇംഗ്ലീഷ് ഗ്രന്ഥത്തിന്റെ തർജ്ജമയാണിത്. കെ. എം.രാജൻ മീമാംസക് തർജ്ജമ ചെയ്ത ഈ പുസ്തകത്തിന്റെ ഏതാനും ഭാഗങ്ങൾ ദയാനന്ദ സന്ദേശത്തിലൂടെ ഖണ്ഡശഃയായി പ്രസിദ്ധീകരിക്കുകയാണ്. പി.എൻ ഓക്കിന്റെ തനത് ശൈലിയിലുള്ള ഗവേഷണ ഗ്രന്ഥമാണിത് . ഈ ലേഖനത്തിൽ അദ്ദേഹം നൽകിയ എല്ലാ ആശയങ്ങളും വൈദിക വീക്ഷണത്തിലുള്ളതായിക്കൊള്ളണമെന്നില്ല. എന്തെന്നാൽ അവയിൽ ചിലത് മധ്യകാലഘട്ടത്തിൽ രചിക്കപ്പെട്ട പല സംസ്കൃത ഗ്രന്ഥങ്ങളെയും അടിസ്ഥാനമാക്കിയാണ് എന്നതിലാണ്. – **പത്രാധിപർ)**

## പരിഭാഷകന്റെ ആമുഖം

പി.എൻ ഓക്കിന്റെ Some Blunders of Indian Historical Research എന്ന ഗ്രന്ഥം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി കേരളത്തിലെ ചരിത്രാന്വേഷണ കുതികികൾക്കിടയിൽ ബൗദ്ധിക സംവാദത്തിന് തുറന്നുകൊടുക്കണം എന്ന ആഗ്രഹം എന്നിൽ ഉടലെടുത്തത് 1992-93 കാലയളവിൽ ആണ് . അതിനൊരു കാരണവുമുണ്ട് 1992 ൽ ഭാരത പാർലമെന്റിൽ ഈ ഗ്രന്ഥത്തെ കുറിച്ച് ചർച്ച നടന്നപ്പോൾ കേരളത്തിൽ നിന്നുള്ള ഒരു ലോകസഭാംഗം പ്രസ്തുത ഗ്രന്ഥം നിരോധിക്കണമെന്നും പാർലമെന്റ് ലൈബ്രറിയിൽ നിന്ന് ഇത് നീക്കം ചെയ്യണമെന്നും ആവശ്യപ്പെട്ടപ്പോൾ അവിടെ സന്നിഹിതരായിരുന്ന 444 ഹിന്ദു ലോകസഭാംഗങ്ങളും നിസ്സംഗതാഭാവം പുലർത്തുകയാണുണ്ടായത്. ഈ സംഭവം എന്നെ ഈ പുസ്തകം വായിക്കുവാനും ചരിത്രവസ്തുതകൾ പരിശോധിക്കുവാനും പ്രേരിപ്പിച്ചു. ആരും ഇതുവരെ കടന്നു വന്നിട്ടില്ലാത്ത (പ്രൊഫസർ പി എൻ ഓക്കിന്റെ ഗ്രന്ഥങ്ങളുടെ മലയാള വിവർത്തനം) ഈ മേഖലയിലേക്ക് കാലെടുത്ത് വയ്ക്കാൻ ഞാൻ ഇവിടെ ഒരു ശ്രമം നടത്തുകയാണ്.

വർഷ പബ്ലിക്കേഷൻസ് ലിമിറ്റഡും മഹാരാഷ്ട്ര സർക്കാറും തമ്മിലുണ്ടായ (Varsha Publication Vs State of Maharashtra. It is reported in 1983 Cr.Law Journal on page 1446 (W.P.723/82) മുംബൈ ഹൈക്കോടതിയുടെ മൂന്നംഗ സ്പെഷ്യൽ ബെഞ്ചിൽ നടന്ന കേസിൽ ഈ ഗ്രന്ഥം തെളിവിനായി നൽകപ്പെടുകയും ഇവയിലെ കണ്ടെത്തലുകൾ വസ്തുതാ പൂർണമാണെന്ന് അംഗീകരിക്കുകയും ഉണ്ടായി. ശ്രീ. (Shree) എന്ന മറാത്തി വാരികയിൽ ഡി.ബി പ്രധാൻ (D.B Pradhan) എഴുതിയ ലേഖനത്തിൽ മഹാരാഷട്രാ സർക്കാർ ഏർപ്പെടുത്തിയ നിരോധനം നിയമവിരുദ്ധമാണെന്ന് പ്രഖ്യാപിച്ചു.

(തുടരും)

**സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)**

**ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !**

*(പേജ് 6 ന്റെ തുടർച്ച..................)*

മൂല രൂപത്തെ ശാസ്ത്രമെന്ന സംജ്ഞയാൽ വിശേഷിപ്പിക്കാൻ സാധ്യമല്ല. ഈ പ്രയോഗം ഇല്ലാത്തതിനാൽ (ശാസ്ത്രമെന്ന പ്രയോഗം) മനുസ്മൃതിക്ക് ബ്രഹ്മാവുമായി യാതൊരു ബന്ധവുമില്ല. അതിനാൽ ഈ ശ്ലോകങ്ങളിൽ വർണ്ണിതമായിട്ടുള്ള ശാസ്ത്രശബ്ദം അസംഗതമാണ്.

(ങ) മനുസ്മൃതി അതിന്റെ മൂലരൂപത്തിൽ ഋഷിമാരുടെ ജിജ്ഞാസക്കുള്ള ഉത്തരമാണ്. അത് പ്രവചനരൂപത്തിൽ സമാഹരിച്ച ശേഷമാണ് മനുസ്മൃതിശാസ്ത്രം എന്ന് പറയപ്പെടാൻ തുടങ്ങിയത് മൂല പ്രവക്താവ് എപ്രകാരമാണോ ഉപദേശിച്ചിട്ടുള്ളത് അപ്രകാരം തന്നെ അതിനെ സമാഹരിച്ചാൽ മാത്രമേ മൗലികമെന്ന് പറയാനാവൂ. എന്തെന്നാൽ ഏതൊരു പ്രവചനമാണോ സമാഹരിക്കപ്പെടാത്തത് അതിനെ എങ്ങനെയാണ് മനുശാസ്ത്രം എന്ന് സംബോധന ചെയ്യുന്നത്? ഇതിൽ നിന്ന് വ്യക്തമാവുന്നത് മനുവിന്റെ പ്രവചനം സമാഹരണ രൂപം പ്രാപിച്ച ശേഷം അത് ശാസ്ത്രമെന്ന പേരിൽ പ്രസിദ്ധിയാർജിച്ചു. അപ്പോൾ ഇപ്രകാരമുള്ള ശ്ലോകങ്ങൾ കൂട്ടിച്ചേർത്ത് ഇതിനെ ശാസ്ത്രം എന്ന ശബ്ദത്താൽ പറയപ്പെട്ടു. ഇപ്രകാരം 58.59 ശ്ലോകങ്ങളിൽ ശാസ്ത്ര ശബ്ദമെന്ന പ്രയോഗം പിന്നീട് കൂട്ടി ചേർത്തതാണ് എന്ന് തെളിയുന്നു.

(ച) ഏതാനും പണ്ഡിതന്മാരുടെ മേൽപ്പറഞ്ഞ രണ്ട് യുക്തികളുടെ അടിസ്ഥാനത്തിൽ ഇതിനെ മനുകൃതമെന്ന് കണക്കാക്കിയാൽ യുക്തി നൽകുന്ന ആ പണ്ഡിതർക്ക് ഇത് അന്തിമരൂപത്തിൽ ഭൃഗുകൃതമെന്ന് അംഗീകരിക്കേണ്ടിവരും (ഭൃഗുവാൽ സമാഹരിക്കപ്പെട്ടതല്ല). എന്തെന്നാൽ ആശയം മനസ്സിലാക്കി പഠിച്ചുകൊണ്ട് ഉപദേശിച്ചതുകാരണം മനു ഇതിന്റെ രചയിതാവാകുന്നു. അതിനാൽ ഭൃഗുവും മനുവിന്റെ ആശയങ്ങളെ മഹർഷിമാരുടെ അറിവിനെ സ്വശബ്ദത്തിൽ വർണ്ണിച്ചിട്ടുണ്ട് (58 - 60). ഇപ്രകാരം ഭൃഗു ഇതിന്റെ രചയിതാവായിത്തീർന്നു. ഇപ്രകാരം ഈ യുക്തികൾ സ്വയം യുക്തിദാതാക്കളുടെ അഭിപ്രായത്തെ ഖണ്ഡിക്കുന്നു. അതിനാൽ അവ മൗലികമല്ല.

ഈ യുക്തികളാൽ വ്യക്തമാകുന്ന കാര്യങ്ങൾ മൗലിക ശ്ലോകങ്ങൾക്ക് അനുസരിച്ച് മനുസ്മൃതിയുടെ രചനയുമായി ബ്രഹ്മാവിന് യാതൊരു ബന്ധവുമില്ല എന്നാണ്. ഇത് മൗലിക രൂപത്തിൽ മനു മനുകൃതമാണ്. ബ്രഹ്മാവുമായി ബന്ധപ്പെടുത്തിയിട്ടുള്ള എല്ലാ വിഷയങ്ങളും പിന്നീട് കൂട്ടി ചേർക്കപ്പെട്ടവയാണ്. എല്ലാ അഭിപ്രായങ്ങളും മുന്നിൽ നിർത്തിക്കൊണ്ട് തെളിയുന്നത് മനുസ്മൃതിയുടെ മൂല രചയിതാവ് അഥവാ പ്രവക്താവ് സ്വായംഭൂവായ മനു ആകുന്നു എന്നാണ്.

(തുടരും)

**സർവ്വ തദ് ഹന്മി ജനിമ ക്രമീണാമ് (അഥർവ്വം 2.31.5)**

**ഞാൻ കൃമികളെ ജന്മസ്ഥാനത്തു തന്നെ നശിപ്പിക്കും.**



(മുൻലക്കത്തിന്റെ തുടർച്ച)

# ത്രൈത സിദ്ധാന്തം എന്ത്? എങ്ങനെ?

കെ.എം.രാജൻ മീമാംസക്

## ഈശ്വരൻ, ജീവാത്മാവ്, പ്രകൃതി - താരതമ്യ പഠനം (തുടർച്ച...)

| ക്രമ നമ്പർ | ഈശ്വരൻ | ജീവാത്മാവ് | പ്രകൃതി |
|---|---|---|---|
| 60 | **ഹരിയാണ്** പരമാത്മാവ് എല്ലാവരുടേയും ദുഃഖങ്ങളേയും, കഷ്ടങ്ങളേയും രോഗങ്ങളേയും, ചിന്തകളേയും വിഘ്നങ്ങളേയും നിവാരണം ചെയ്യുന്നവനാകുന്നു. അതിനാൽ വേദങ്ങളിൽ പരമാത്മാവിനെ "ഹരി" എന്ന് സംബോധിപ്പിക്കുന്നു. | എല്ലാ പ്രാണികളുടെയും ദുഃഖങ്ങളേയും കഷ്ടങ്ങളേയും നിവാരണം ചെയ്യുവാൻ ജീവാത്മാവ് അസമർത്ഥനാണ്. | പ്രകൃതിയും സർവ്വ പ്രാണികളുടെ ദുഃഖങ്ങളേയും കഷ്ടങ്ങളേയും നിവാരണം ചെയ്യുവാൻ അസമർത്ഥനാണ്. |
| 61 | **വൈശ്വാരനാണ്** പരമാത്മാവ് സമസ്ത വിശ്വത്തിന്റേയും നേതാവാകുന്നു, നായകനാവുന്നു. സമ്പൂർണ്ണജഗത്തിലെ ജഡ- ചേതന പദാർത്ഥങ്ങൾക്ക് ഗതി പ്രദാനം ചെയ്തു കൊണ്ട് ശക്തി നൽകുന്നവനാകുന്നു. | ഒരു ജീവാത്മാവിനും സമ്പൂർണ ജഗത്തിലുള്ള ജഡ - ചേതന പദാർത്ഥങ്ങൾക്ക് ഗതിപ്രദാനം ചെയ്ത് മുന്നോട്ട് നയിക്കാൻ സാമർത്ഥ്യമില്ല. | പ്രകൃതി സ്വന്തം ഇച്ഛയാൽ ഗതി പ്രദാനം ചെയ്യാൻ അസമർത്ഥമാണ്. |
| 62 | **വേദജ്ഞാനത്തെ പ്രദാനം ചെയ്യുന്നവനാണ്.** പരമാത്മാവ് സൃഷ്ടിയുടെ തുടക്കത്തിൽ അഗ്നി, വായു, ആദിത്യൻ, | ഒരു ജീവാത്മവിനും വേദജ്ഞാനം രചിക്കാനുള്ള കഴിവില്ല. അതായത് ഒരു ഋഷിയും മഹർഷിയും ബ്രഹ്മ (ഋഷി) തുടങ്ങിയ | വേദങ്ങളെ ഉൽപ്പന്നമാക്കാനുള്ള സാമർത്ഥ്യം പ്രകൃതിക്കില്ല. |

പാവകവർണ്ണഃ ശുചയോ വിപശ്ചിതഃ (യജു.33.81).

വിദ്വാൻ അഗ്നി തുല്യ തേജസ്വിയും പവിത്രവുമാണ്.

| | | | |
|---|---|---|---|
| | അങ്ഗിര എന്നീ നാല് ഋഷിമാരിലൂടെ വേദജ്ഞാനത്തെ നൽകുന്നവനാണ്. അതായത് വേദജ്ഞാനം പ്രദാനം ചെയ്യുന്നവനാണ്. | വരൊന്നും വേദരചയിതാക്കളല്ല. | |
| 63 | **അവിദ്യാരഹിതനാണ്** പരമാത്മാവ് മൂന്ന് കാലങ്ങളിലും അവിദ്യയിൽ ആണ്ടുപോവുന്നില്ല. അവിദ്യയിൽ ആണ്ടുപോയി ജീവാത്മാവായിത്തീരുന്നില്ല. | ജീവാത്മാവ് അവിദ്യക്കടിമപ്പെട്ടുപോകുന്നു. അതിനാലതിന് ശരീരധാരണം എടുക്കേണ്ടി വരുന്നു. ശരീരധാരി എന്നറിയപ്പെടുന്നു. | പ്രകൃതി സ്വയം അവിദ്യാരഹിതനാണ്. |
| 64 | **അദിതിയാണ് (ഖണ്ഡിക്കപ്പെടാത്തതാണ്)** പരമാത്മാവ് തന്റെ വ്രതം, നിയമം, കർത്തവ്യ കർമ്മങ്ങൾ, അതായത് സത്യം, ന്യായം, ധർമ്മം എന്നിവയിൽ നിന്ന് വേറിട്ടു പോവുക, പതിതനാവുക, ഖണ്ഡിതനാവുക എന്നിവ ചെയ്യുന്നില്ല. അതിനാൽ ഈശ്വരനെ 'അദിതി' എന്ന് വർണ്ണിക്കുന്നു. | ജീവാത്മാവ് തന്റെ വ്രതം, നിയമം കർത്തവ്യത്തിൽ അതായത് സത്യം, ധർമ്മം, ന്യായം എന്നിവയുടെ മാർഗ്ഗത്തിൽ പതിതനും ഖണ്ഡിതനുമാവാറുണ്ട്. | പ്രകൃതി ഈശ്വരനാൽ നിർമ്മിക്കപ്പെട്ട നിയമങ്ങൾ ലംഘിക്കുന്നതിനോ തകർക്കുന്നതിനോ സമർത്ഥമല്ല. |

(തുടരും)

**ദയാനന്ദ സന്ദേശം മാസിക**

**സത്യ - സനാതന - വൈദിക ധർമ്മ സന്ദേശം,**
**ആര്യധർമ്മത്തിന്റെ പാഞ്ചജന്യം.**

**വായിക്കുക........................പ്രചരിപ്പിക്കുക..............വരിക്കാരാവുക**

**വാർഷിക വരിസംഖ്യ 125/- രൂപ ദീർഘകാലം 1500 /-**

**വരിസംഖ്യ അയക്കേണ്ട വിധം**

**Account Name : Dayananda Sandesam**
**Account No : 4264000100072426, Punjab National Bank Cherpalcheri**

**സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)**
**ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !**



ബാലപംക്തി

# ഗുണപാഠ കഥകൾ

സമ്പാദകൻ : കെ. കെ. ജയൻ ആര്യ

## ബുദ്ധി പരീക്ഷ

നന്ദവംശം രാജ്യം ഭരിച്ചിരുന്ന കാലം. നന്ദ രാജാവിന് രണ്ട് പത്നിമാർ. സുനന്ദയും മുരയും. മുരയുടെ പുത്രന്മാർ മൗര്യൻ എന്നറിയപ്പെട്ടു. സുനന്ദക്ക് ഒൻപത് പുത്രന്മാർ. മൗര്യന്റെ നൂറ് പുത്രന്മാരിൽ കേമനും ബുദ്ധിമാനുമായിരുന്നു ചന്ദ്രഗുപ്തൻ. വൃദ്ധനായ രാജാവ് കിരീടവകാശം നവനന്ദന്മാർക്ക് നൽകി. അവർ മുരയുടെ പുത്രന്മാരെ കാരാഗൃഹത്തിലടച്ചു. ചന്ദ്രഗുപ്തനൊഴിച്ച് ബാക്കി എല്ലാവരും ജയിലിൽ കിടന്നുമരിച്ചു. ഇതിനിടയിൽ സിംഹള രാജ്യത്തിലെ രാജാവ് കൂട്ടിലടക്കപ്പെട്ട ഒരു സിംഹത്തിന്റെ പ്രതിമ നന്ദരാജന് കൊടുത്തയച്ചു. എന്നിട്ട് പറഞ്ഞു. ' ഈ സിംഹത്തെ കൂടിന് പുറത്താക്കണം. പക്ഷേ ഒരു നിബന്ധന, കൂട് ഒരു കാരണവശാലും തുറക്കാൻ പാടില്ല. അപ്രകാരം ചെയ്യുന്നവൻ ബുദ്ധിമാനായിരിക്കും എന്നാൽ നന്ദ രാജാവിന് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. വിജയിക്കാൻ മറ്റൊരു വഴി കണ്ടെത്താനുമായില്ല. ഈ സമയം കാര്യങ്ങളെല്ലാം കാരാഗൃഹത്തിൽ കിടന്ന ചന്ദ്രഗുപ്തന്റെ കാതിലുമെത്തിയിരുന്നു. ചന്ദ്രഗുപ്തൻ തനിക്ക് സിംഹത്തെ പുറത്തെത്തിക്കാൻ സാധിക്കുമെന്ന് ഭടന്മാർ വഴി രാജാവിനെ അറിയിച്ചു. കാരാഗൃഹത്തിൽ നിന്നും ചന്ദ്രഗുപ്തനെ സഭയിൽ എത്തിച്ചു. ചന്ദ്രഗുപ്തൻ ലോഹത്തിന്റെ ഒരു കമ്പി ചൂടാക്കി പഴുപ്പിച്ച് സിംഹത്തിന്റെ ശരീരത്തിൽ വച്ചു. സിംഹം മെഴുകുകൊണ്ട് നിർമ്മിതമായിരുന്നു. അത് ഉരുകി പുറത്തേക്ക് ഒഴുകാൻ തുടങ്ങി. ബുദ്ധിപരീക്ഷയിൽ വിജയിച്ച് രാജ്യത്തിന്റെ അഭിമാനം രക്ഷിച്ച ചന്ദ്രഗുപ്തനെ ജയിൽ മോചിതനാക്കാൻ രാജാവ് തീരുമാനിച്ചു. അങ്ങനെ ചന്ദ്രഗുപ്തൻ തന്റെ ബുദ്ധിവൈഭവത്താൽ ജയിൽ മോചിതനായി.

ചന്ദ്രഗുപ്തന്റെ കഴിവിൽ ആകൃഷ്ടനായ ചാണക്യൻ ആ രാജകുമാരനെ തന്റെ ആശ്രമത്തിലേക്ക് കൊണ്ടുപോയി സംരക്ഷിച്ചു. ആ സമയം മറ്റൊരു രാജകുമാരനും കൂടി ചാണക്യന്റെ ആശ്രമത്തിൽ വന്നു ചേർന്നു. പർവ്വതൻ എന്നായിരുന്നു അവന്റെ പേര്. ഒരിക്കൽ ബുദ്ധിമാനായ ചാണക്യൻ ഇരുവരുടെയും ബുദ്ധി ഒന്ന് പരീക്ഷിക്കാൻ തീരുമാനിച്ചു. മഹാവംശമെന്ന ഗ്രന്ഥത്തിൽ ഈ സംഭവം പരാമർശിച്ചിരിക്കുന്നുണ്ട്. ഒരു ദിവസം ചാണക്യൻ ചന്ദ്രഗുപ്തനെയും പർവ്വതനെയും കൂട്ടി ഒരു സത്കാരത്തിൽ പങ്കെടുക്കുകയായിരുന്നു. വയറുനിറയെ പായസം ഭക്ഷിച്ചതിനുശേഷം അവർ ഒരുമരത്തിന്റെ തണലിൽ വിശ്രമിച്ചു. മൂവരും ക്ഷീണത്താൽ ഉറങ്ങി. ആദ്യം ചാണക്യനാണ് ഉറക്കത്തിൽ നിന്നും ഉന്നർന്നത്. അദ്ദേഹം പർവ്വതനെ വിളിച്ചുണർത്തി പരീക്ഷണത്തിനായി കയ്യിൽ ഒരു വാൾ കൊടുത്തുകൊണ്ട് പറഞ്ഞു. 'ചന്ദ്രഗുപ്തൻ കഴുത്തിൽ ഒരു ചരട് അണിഞ്ഞിട്ടുണ്ട്. അത് അവനറിയാതെ എന്റെ കയ്യിൽ ഏൽപ്പിക്കണം. ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കണം. ചരട് പൊട്ടാനോ കെട്ട് അഴിക്കാനോ പാടില്ല.' പർവ്വതൻ പല വഴിയും ആലോചിച്ചു. ഒന്നും ചെയ്യാൻ കഴിയാതെ ചാണക്യന്റെ സമീപമെത്തി.

അടുത്ത ദിവസം ചന്ദ്രഗുപ്തനെയും പരീക്ഷിക്കാൻ തീരുമാനിച്ചു. കുമാരന്മാർ ഇരുവരും ഉറക്കമായിരുന്നു. ചാണക്യൻ ചന്ദ്രഗുപ്തനെ വിളിച്ചുണർത്തി കയ്യിൽ ഒരു വാൾ കൊടുത്തു കൊണ്ട് പറഞ്ഞു. 'പർവ്വതന്റെ കഴുത്തിലെ സൂത്രം എന്റെ സമീപമെത്തിക്കണം. ഒരു നിബന്ധനയുണ്ട് ചരട് പൊട്ടാനോ ചരടിന്റ കെട്ട് അഴിയാനോ പാടില്ല '. ചന്ദ്രഗുപ്തൻ പർവ്വതന്റെ സമീപമെത്തി ആലോചിച്ചു. 'ചരട് പൊട്ടാതെയോ കെട്ടഴിക്കാതെയോ ചരട് പുറത്തെടുക്കുക എന്തായാലും സംഭാവ്യമല്ല. സൂത്രം എടുക്കണമെങ്കിൽ പർവതന്റെ ശിരസ്സ് ഛേദിക്കണം !' ഒട്ടും താമസ്സിച്ചില്ല ചന്ദ്രഗുപ്തൻ പർവ്വതന്റെ ശിരസ്സ് ഛേദിച്ച് സൂത്രം പുറത്തെടുത്ത് ചാണക്യനെ ഏൽപ്പിച്ചു. ചന്ദ്രഗുപ്തന്റെ ബുദ്ധിയിലും ധൈര്യത്തിലും ചാണക്യൻ അതീവ പ്രസന്നനായി. ■

സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)

ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !

# സരസ്വതീ വന്ദനം

## जय हो उसकी

**महाँ इन्द्रः परश्च नु,' महित्वमस्तु वज्रिणे'।**
**द्यौर्न प्रथिना शवः' ।। ऋग् १.८.५**
**ऋषि: मधुच्छन्दा वैश्वामित्रः। देवता इन्द्रः। छन्द: गायत्री।**

**( इन्द्रः )** ऐश्वर्यशाली परमेश्वर **( महान्' )** महान् [है], **( च )** और **( नु )** निश्चय ही **( परः )** सर्वोत्कृष्ट [है] **( वज्रिणे )** [उस] व्रजधारी का **( महित्वं )** महत्त्व, जयजयकार **( अस्तु )** हो। [उसका] **( शवः' )** बल **( प्रथिना' )** विस्तार और यश से **( द्यौः न' )** द्युलोक के समान [है]।

भाइयों! क्या तुम विश्व-सम्राट इन्द्र का परिचय जानना चाहते हो? सुनो, वेद उसका परिचय दे रहा है। इन्द्र महान् है, महामहिम है, इस जगतीतल के बड़े-से-बड़े महिमाशालियों से भी अधिक महिमाशाली है। उसकी महिमा के सम्मुख सूर्य, चाँद, सितारे, नदी, पर्वत, सागर, चक्षु, श्रोत्र, वाक्, मन सब तुच्छ है। वह 'पर' है, परम है, सर्वोत्कृष्ट है, इसीलिए परामातमा, परात्मा, परमेश्वर, परमदेव, परात्पर आदि नामों से स्मरण किया जाता है। सर्वोत्कृष्ट होने के कारण ही वह संसार में सबसे अधिक स्पृहणीय है, क्योंकि जो वस्तु जितनी अधिक उत्कृष्ट है, उसे हम उतना ही अधिक पाना चाहते हैं। निकृष्ट या घटिया वस्तु हमारे मन को नहीं भाती। इन्द्र-प्रभु परमोत्कृष्ट होने के कारण हमारा मन-भावन होने योग्य है, हमारी अभीप्सा का पात्र होने योग्य है।

उसके बल, विस्तार और यश का हम क्या बखान करें! कोई सांसारिक वस्तु उसका उपमान नहीं बन सकती, क्योंकि उपमान उपमेय से उत्कृष्ट हुआ करता है, जबकि संसार की कोई वस्तु किसी गुण में उससे उत्कृष्ट नहीं है। फिर भी परस्पर समझने और समझाने के लिए हम कह सकते हैं कि इन्द्र के बल का विस्तार और यश, द्युलोक के समान है। ज्यों ही हम द्युलोक के बल पर दृष्टि डालते हैं, हमारी आँखें चौंधिया जाती हैं। देखो, द्युलोक के सूर्य को देखो! सूर्य का बल इतना व्यापक है कि उसने ग्रहोपग्रहों-सहित हमारे सारे सौर-मंडल को अपनी आकर्षणशक्ति रूप डोर से बाँध रखा है। उसने अपने प्रकाश से सबको प्रकाशित कर रखा है, अन्यथा हमारी भूमि और अन्य ग्रहोपग्रह सब चिर अन्धकार में विलीन हो जाएँ। सूर्य तो द्युलोक का एक सदस्यमात्र है। द्युलोक में अन्य अनेक नक्षत्र-पुंज भी हैं, जिनके बल, विस्तार और यश के आगे तो हमारी बुद्धि चकरा जाती है। वे सब अपने-आपमें एक-एक सूर्य हैं और वैज्ञानिकों का कथन है कि उनके भी अपने-अपने ग्रहोपग्रह हैं, जिनका वे संचालन और व्यवस्थापन करते हैं। तो, उस द्युलोक के समान विस्तीर्ण एवं यशस्वी इन्द्र का बल है।

वह इन्द्र वज्रधर भी है, पापात्माओं को उनके कर्मों के अनुरूप दण्ड देने वाला है। यदि हम उसकी दण्ड-शक्ति का मन में ध्यान कर लें, तो जीवन में होने वाली सब उच्छृङ्खलताओं और अविवेकमय आचरणों से उद्धार पालें। आओ, महिमागान करें जगत् के उस परम यशस्वी सम्राट् इन्द्र का। आओ, जय-जयकार करें उस वज्रधारी का।

**संकलन : आदित्यमुनि ऋषि उद्यान, अजमेर**

**യോ അഭ്രജാ വാതജാ യശ്ച ശുഷ്മഃ (അഥർവ്വം 1.12.3)**
**രോഗങ്ങൾ വാത, പിത്ത, കഫദോഷത്താൽ ഉണ്ടാകുന്നു.**

ഒരു ആര്യസമാജം പ്രസിദ്ധീകരണം
*Date of Publication 10/01/2024*
*RNI NO. KERMAL/2013/53849*
*REGISTERED NO. OTTAPALAM/5/2023-25*

## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ (സ്റ്റോക്ക് ഉള്ളത്)

| | | |
|---|---|---|
| 1. | സത്യാർത്ഥപ്രകാശം (മലയാളം പരിഭാഷ) (Big Size)<br>മഹർഷി ദയാനന്ദസരസ്വതി. സമ്പാദകൻ: കെ.എം. രാജൻ മീമാംസക് | Rs.250.00. |
| 2. | സത്യാർത്ഥപ്രകാശം (മലയാളം 2-ാം പതിപ്പ്) (Small Size)<br>മഹർഷി ദയാനന്ദസരസ്വതി. സമ്പാദകൻ: കെ.എം. രാജൻ മീമാംസക് | Rs.100.00. |
| 3. | വൈദികധർമ്മ ആര്യസമാജ പ്രശ്നോത്തരി<br>പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി. തർജ്ജമ : കെ.എം.രാജൻ മീമാംസക് | Rs. 40.00 |
| 4. | ആര്യസമാജം എന്ത്? എന്തിന്? - ലത രാജൻ | Rs. 10.00 |
| 5. | വേദാന്തിധ്വാന്ത നിവാരണം<br>മഹർഷിദയാനന്ദ സരസ്വതി. തർജ്ജമ : കെ.എം.രാജൻ മീമാംസക് | Rs. 25.00 |
| 6. | പൂനാ പ്രവചനം (ഉപദേശമഞ്ജരി)<br>മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ മീമാംസക് | Rs.200.00 |
| 7. | ആര്യോദ്ദേശ്യരത്നമാല<br>മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ മീമാംസക് | Rs. 25.00 |
| 8. | സംശയനിവാരിണി : ശ്രീ.മദൻ രഹേജ തർജ്ജമ : കെ.എം.രാജൻ മീമാംസക് | Rs. 200.00 |
| 9. | വേദപ്രകാശം പാഠാവലി - കെ.എം.രാജൻ മീമാംസക് | Rs. 40.00 |
| 10. | മഹർഷി ദയാനന്ദസരസ്വതി (ജീവചരിത്രം) - കെ.എം.രാജൻ മീമാംസക് | Rs. 60.00 |
| 11. | ശത്രുവോ? മിത്രമോ? - കെ.എം.രാജൻ മീമാംസക് | Rs. 35.00 |
| 12. | ശിവസങ്കല്പം - കെ.എം.രാജൻ മീമാംസക് | Rs. 30.00 |
| 13. | ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും - കെ.എം.രാജൻ മീമാംസക് | Rs. 40.00 |
| 14. | വൈദിക ഈശ്വരൻ - കെ.എം.രാജൻ മീമാംസക് | Rs. 35.00 |
| 15. | കാലാ പഹാഡ് അഥവാ കാലാചന്ദ് റായ് - കെ.എം.രാജൻ മീമാംസക് | Rs. 60.00 |
| 16. | 1921 മാപ്പിള ലഹള - ദിവാൻ ബഹാദൂർ സി.ഗോപാലൻനായർ | Rs.250.00 |
| 17. | 1921: മലബാറും ആര്യസമാജവും - മഹാത്മാ ആനന്ദസ്വാമി,<br>തർജ്ജമ : പി. നാരായണൻ | Rs 150.00 |
| 18. | വേദങ്ങളെ അറിയുക - ഡോ.വിവേക് ആര്യ, തർജ്ജമ : കെ.എം.രാജൻ മീമാംസക് | Rs. 135.00 |
| 19. | വ്യവഹാരഭാനു: - മഹർഷി ദയാനന്ദ സരസ്വതി തർജ്ജമ കെ.എം.രാജൻ മീമാംസക് | Rs. 90.00 |
| 20. | ഹിന്ദു സംഘാടനം എന്തുകൊണ്ട് ? എങ്ങനെ ? : സ്വാമി ശ്രദ്ധാനന്ദൻ<br>തർജ്ജമ - കെ.എം.രാജൻ മീമാംസക് | Rs. 150.00 |
| 21. | അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം - കെ.എം.രാജൻ മീമാംസക് | Rs. 60.00 |
| 22. | പുരാണങ്ങൾ; സത്യവും മിഥ്യയും - കെ.എം.രാജൻ മീമാംസക് | Rs. 75.00 |
| 23. | ഗോകരുണാനിധി :- മഹർഷി ദയാനന്ദ സരസ്വതി, തർജ്ജമ കെ.എം.രാജൻ മീമാംസക് | Rs. 50.00 |

(തപാൽ ചെലവ് പുറമെ)

അച്ചടിയിലുള്ളവ

1. ഞാൻ എന്തുകൊണ്ട് ക്രിസ്തുമതം ഉപേക്ഷിച്ചു? - ബ്ര. അരുൺ ആര്യവീർ
   കെ.എം.രാജൻ മീമാംസക്
2. ദ്രൗപദിയും പഞ്ചപതികളും - അമർസ്വാമി സരസ്വതി, തർജ്ജമ : കെ.എം.രാജൻ മീമാംസക്
3. ഋഗ്വേദത്തിന്റെ ഋക്സംഖ്യ - യുധിഷ്ഠിർ ജി. മീംമാസക്
   കെ.എം.രാജൻ മീമാംസക്

Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad-679 504. Printed at Mudra Printers, Cherpulassery. and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O), Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan
**Email: dayanandasandesam@gmail.com Phone: 7907077891, 9497525923**